**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 679** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>പട്ടികവർഗ്ഗ വിഭാഗത്തിലെ അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീമതി ഉമ തോമസ്

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ

ശ്രീ. എ. ഡി. തോമസ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പട്ടികവർഗ്ഗ വിഭാഗത്തിലെ അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>**

പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടേയും അമ്മമാരുടെയും ആരോഗ്യ സംരക്ഷണത്തിനായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**ജനനീ ജന്മരക്ഷാ പദ്ധതി**

എ.പി.എൽ./ബി.പി.എൽ. ഭേദമന്യേ കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഗർഭിണികളായ എല്ലാ സ്ത്രീകളുടേയും എല്ലാ കുട്ടികളുടേയും ആരോഗ്യ സംരക്ഷണത്തിനായി രൂപീകരിച്ച **ജനനീ ജന്മരക്ഷാ** പദ്ധതിയിലൂടെ ടി വിഭാഗക്കാർക്ക് സമ്പൂർണ്ണ പോഷകാഹാരം ഉറപ്പാക്കുകയാണ് ലക്ഷ്യമിടുന്നത്.

**വാത്സല്യ സ്പർശം പദ്ധതി**

അട്ടപ്പാടിയിൽ കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായ നവജാത ശിശുമരണങ്ങളിൽ ഏറിയവയും മിൽക്ക് ആസ്പിറേഷൻ മൂലമാണെന്ന് ആരോഗ്യ വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ നവജാത ശിശുക്കളുടെ അമ്മമാർക്ക് രാത്രി കാലങ്ങളിൽ മുലയൂട്ടൽ അപകട രഹിതമാക്കുന്നതിന് സഹായിക്കുന്നതിനായി വേണ്ട പരിശീലനവും, അവബോധവും നൽകുന്നതിനായി അഗളി, ഷോളയൂർ, പുതൂർ ഗ്രാമപഞ്ചായത്തുകളിലായി ഒന്ന് വീതം ഫീൽഡ് നേഴ്സുമാരെ വാൽസല്യ സ്പർശം പദ്ധതിയിൽ ഉൾപ്പെടുത്തി നിയമിച്ചിട്ടുണ്ട്. കൂടാതെ നവജാത ശിശുക്കളുടെ അമ്മമാർക്ക് പോഷകാഹാര ലഭ്യത വിവിധ പദ്ധതികളിലൂടെ ഉറപ്പുവരുത്തിയിട്ടുണ്ട്.

**മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ**

ഇടുക്കി, തിരുവനന്തപുരം, പാലക്കാട് ജില്ലകളിലെ മൂലമറ്റം, നെടുമങ്ങാട്, അട്ടപ്പാടി എന്നിവിടങ്ങളിലായി ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. കൂടാതെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് (2 എണ്ണം), കോഴിക്കോട്, മലപ്പുറം, കാസർഗോഡ്, കണ്ണൂർ, വയനാട് (2 എണ്ണം) എന്നീ ജില്ലകളിൽ ആകെ 14 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

**ട്രൈബൽ ഹെൽത്ത് ആന്റ് ന്യൂട്രീഷ്യൻ കൺസൾട്ടന്റ്**

സംസ്ഥാനത്തെ പട്ടികവർഗ മേഖലകളിലെ ആരോഗ്യ പോഷക പ്രവർത്തനങ്ങൾ കോർഡിനേറ്റ് ചെയ്തു വിലയിരുത്തുന്നതിനായി UNICEF സാമ്പത്തിക സഹായത്തോടെ ഒരു കൺസൾട്ടന്റിനെ (Tribal Health and Nutrition Consultant) നിയമിച്ച് തുടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

**ആരോഗ്യം നമുക്കായി**

സമഗ്രമായ ബോധവൽക്കരണ കാമ്പെയിനിലൂടെ വയനാട്ടിലെ ആദിവാസി സമൂഹങ്ങൾക്കിടയിൽ ആരോഗ്യം വർധിപ്പിക്കുക എന്ന ലക്ഷ്യം ജില്ലാ ഭരണകൂടം, പട്ടികവർഗ വികസന വകുപ്പ്, ആരോഗ്യ വകുപ്പ്, യൂണിസെഫ്, 'എൻ ഊരു' ചാരിറ്റബിൾ സൊസൈറ്റി തുടങ്ങിയവയുടെ പങ്കാളിത്തത്തോടെ നടത്തി വരുന്നു.

**ഊരും ഉയിരും**

വയനാട്ടിലെ ഗോത്ര വിഭാഗക്കാരുടെ സമഗ്ര ആരോഗ്യം ലക്ഷ്യമാക്കി പ്രത്യേകിച്ച് അമ്മമാരുടെയും കൗമാരക്കാരായ പെൺകുട്ടികളുടെയും ശിശുക്കളുടെയും വിളർച്ച, വളർച്ചക്കുറവ്, തൂക്കക്കുറവ്, ശിശുമരണങ്ങൾ മുതലായ പ്രശ്നങ്ങൾ സംബന്ധിച്ച് ആരോഗ്യ സ്ക്രീനിംഗ് നടത്തി, ശുശ്രൂഷ ആവശ്യമായവർക്ക് വേണ്ടി മരുന്നുകൾ നൽകുന്ന ഊരും ഉയിരും പദ്ധതി പട്ടിക വർഗ്ഗ വികസന വകുപ്പ്, ആരോഗ്യ വകുപ്പ്, UNICEF എന്നിവർ സംയുക്തമായി നടപ്പിലാക്കിയിട്ടുണ്ട്.

**ഊരിന്റെ താരാട്ട് പദ്ധതി**

അട്ടപ്പാടിയിലെ ഗർഭസ്ഥ ശിശുക്കളുടെ ആരോഗ്യത്തിനും സുരക്ഷയ്ക്കുമായി പട്ടികവർഗ്ഗ വികസന വകുപ്പും പാലക്കാട് ജില്ലാ ഭരണകൂടവും സംയുക്തമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഊരിന്റെ താരാട്ട് പദ്ധതി.

**(ബി)** ആദിവാസികളുടെ ഇടയിൽ പോഷകാഹാരക്കുറവ് മൂലം ശിശുമരണങ്ങൾ ഉണ്ടാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u> സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗങ്ങളിൽ പോഷകാഹാരക്കുറവ് മൂലമുള്ള ശിശുമരണങ്ങൾ വിരളമാണെങ്കിൽ പോലും അത്തരത്തിലുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭക്ഷണത്തിലുള്ള പോഷകമൂല്യങ്ങൾ കുറയുന്നത് തടയാൻ വകുപ്പിന്റെ വിവിധ പ്രോജക്ട് ഓഫീസ്/പട്ടികവർഗ വികസന ഓഫീസ് മുഖേന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആയതിന്റെ ഭാഗമായി പട്ടികവർഗ വികസന വകുപ്പ് നടപ്പിലാക്കുന്ന ഭക്ഷ്യസഹായ പദ്ധതി പ്രകാരം പോഷകമൂല്യങ്ങളടങ്ങിയ ഭക്ഷ്യക്കിറ്റ് വിതരണം നടത്തുകയും, ഗർഭിണികളിലും മുലയൂട്ടുന്ന അമ്മമാരിലും ഉണ്ടാകുന്ന അപപോഷണം പരിഹരിക്കുന്നതിനായി ജനനീ-ജന്മരക്ഷാ പദ്ധതിയിലുൾപ്പെടുത്തി ധനസഹായം അനുവദിച്ച് വരികയും ചെയ്യുന്നുണ്ട്. തദ്ദേശസ്വയം ഭരണം, ആരോഗ്യം, വനിതാ-ശിശുവികസനം, പൊതുവിതരണം എന്നീ വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, മെഡിക്കൽ ഒ.പി. ക്ലിനിക്കുകൾ, ആരോഗ്യ വകുപ്പിന്റെ പ്രൈമറി ഹെൽത്ത് സെന്ററുകൾ എന്നിവ മുഖേന നടത്തിവരുന്ന മെഡിക്കൽ ക്യാമ്പുകളിൽ കൃത്യമായ പരിശോധനകൾ നടത്തി ആവശ്യമായ മരുന്നുകൾ സെറ്റിൽമെന്റുകളിൽ നൽകി വരുന്നുണ്ട്. പരിശോധനകളിൽ അപപോഷണം നേരിടുന്നവരിൽ ഡോക്ടർ നിർദ്ദേശിക്കുന്നവർക്ക് പ്രത്യേക പോഷകാഹാര കിറ്റുകൾ എത്തിച്ചു നൽകുന്നു. വനിതാ ശിശു വികസന വകുപ്പ് മുഖേന 6 വയസിന് താഴെയുള്ള കുട്ടികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഭക്ഷ്യവസ്തുക്കൾ നൽകി വരുന്നുണ്ട്. സംസ്ഥാനത്തെ പട്ടികവർഗ മേഖലകളിലെ ആരോഗ്യ പോഷക പ്രവർത്തനങ്ങൾ കോർഡിനേറ്റ് ചെയ്യുന്നതിനായി യൂണിസെഫിന്റെ (UNICEF) സാമ്പത്തിക സഹായത്തോടെ ഒരു ട്രൈബൽ ഹെൽത്ത് ആന്റ് ന്യൂട്രീഷ്യൻ കൺസൾട്ടന്റിനെ നിയമിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.**

**സെക്ഷൻ ഓഫീസർ**